**കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ വർഗ്ഗീയപ്രീണനത നയങ്ങൾക്കെതിരെ പോരാട്ടം ശക്തിപ്പെടുത്തുക.**

യു.പി.എ സർക്കാർ നടപ്പാക്കി വന്ന നവലിബറൽ നയങ്ങളും വ്യാപകമായ അഴിമതിയും സൃഷ്ടിച്ച അസംതൃപ്തി മുതലെടുത്തും രാജ്യത്തെ വർഗ്ഗീയമായി ധ്രുവീകരിച്ചും നല്ല നാളുകൾ വാഗ്ദാനം ചെയ്തും അധികാരത്തിൽ വന്ന നരേന്ദ്രമോഡി സർക്കാർ ജനവിരുദ്ധ നയങ്ങൾ തീവ്രമായി നടപ്പാക്കുകയാണ്. ഫാസിസ്റ്റ് സ്വഭാവമുള്ള വർഗ്ഗീയതയുടെ പ്രതിനിധികൾ ഭരണക്കൂത്തിന്റെ മർമ്മപ്രധാനമായ സ്ഥാനങ്ങളിൽ പിടിമുറുക്കുകയും ഭരണകൂടനയങ്ങൾ പൂർണ്ണമായും കോർപ്പറേറ്റുകൾ നിയന്ത്രിയ്ക്കുകയും ചെയ്യുന്നു. ചേരീചേരാനയവും സാമ്രാജ്യത്വ വിരുദ്ധതയും ഉപേക്ഷിക്കപ്പെടുകയും രാജ്യത്തിന്റെ പരമാധികാരം പോലും ചോദ്യം ചെയ്യപ്പെടുകയാണ്.

മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരോടും പാവപ്പെട്ടവരോടും, തൊഴിലെടുക്കുന്നവരോടും ഈ സർക്കാർ യുദ്ധ പ്രഖ്യാപനം നടത്തുകയാണ്.

തൊഴിൽ നിയമ ഭേദഗതി വഴി ദീർഘകാല പോരാട്ടങ്ങളിലൂടെ നേടിയെടുത്ത തൊഴിൽ സമയം 8 മണിക്കൂർ എന്നത് ഇല്ലാതാക്കാനും, രാത്രി ഷിഫ്റ്റിൽ വനിതകളെ ജോലി ചെയ്യിയ്ക്കാനും, ബാലവേലനിയമ വിധേയമാക്കാനും, മിനിമം കൂലി, പ്രോവിഡന്റ് ഫണ്ട് മറ്റേർണിറ്റി ആനുകൂല്യം, ചികിത്സാസഹായം, ഇവയെല്ലാം നിഷേധിയ്ക്കാനും, ഹയർ ആന്റ് ഫയർ വ്യാപകമാക്കാനും ലക്ഷ്യമിടുന്നു. ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിലും, സാമൂഹ്യ ക്ഷേമ രംഗത്തും, തൊഴിലുറപ്പു പദ്ധതിയിലും ബഡ്ജറ്റ് വിഹിതം വെട്ടിക്കുറച്ച സർക്കാർ പ്ലാനിംഗ് കമ്മീഷനെ പിരിച്ചു വിടുകയും, പഞ്ചവത്സര പദ്ധതികൾ അവസാനിപ്പിയ്ക്കുകയും. പഞ്ചായത്തീരാജ് മന്ത്രാലയം നിർത്തലാക്കുകയും ചെയ്തു. റയിൽവേ ബഡ്ജറ്റ് നിർത്തലാക്കി കൊണ്ട് രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖല സ്ഥാപനം തന്നെ സ്വകാര്യവത്ക്കരിയ്ക്കാൻ തീരുമാനിച്ചു. അവശേഷിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പന തീവ്രമാക്കി. പ്രതിരോധ മേഖലയിലടക്കം 100% വിദേശ നിക്ഷേപം അനുവദിയ്ക്കാനും, പൊതുമേഖലാ ബാങ്കുകളെ ലയിപ്പിച്ച് സ്വകാര്യവത്ക്കരിയ്ക്കാനും ശ്രമം ഊർജ്ജിതമാക്കി. കള്ളപ്പണം തടയാൻ വേണ്ടിയെന്ന പേരിൽ 85% കറൻസി നോട്ടുകളും അർത്ഥ രാത്രി പിൻവലിയ്ക്കുന്ന തീരുമാനം മഹാഭൂരിപക്ഷം ജനതയെയും വിവരാണാതീതമായ ദുരന്തങ്ങളിലേക്ക് വലിച്ചെറിഞ്ഞിരിയ്ക്കുന്നു. എല്ലാ മേഖലയിൽ നിന്നും സർക്കാർ പിൻവാങ്ങുകയും കോർപ്പറേറ്റുകൾ പിടിമുറുക്കുകയും ചെയ്യുമ്പോൾ സർക്കാർ പദ്ധതികൾ എന്ത് പറയുന്നു. ജൻധൻ യോജന, വിള ഇൻഷുറൻസ്, അപകട ഇൻഷുറൻസ്, പ്രധാനമന്ത്രി ബീമായോജന, മുദ്രാ ലോൺ, അടൽ പെൻഷൻ യോജന തുടങ്ങി ജനങ്ങൾ സ്വന്തം ചെലവിൽ നേടേണ്ട ആനുകൂല്യങ്ങൾ മാത്രമാണ്. ഈ സർക്കാരിന്റെ ഭരണനേട്ടം.

മേക്ക് ഇൻ ഇന്ത്യ, സ്കിൽ ഇന്ത്യ, സ്റ്റാർട്ട് അപ് ഇന്ത്യ, ബേഠി പഠാവോ തുടങ്ങിയ വികസന വായ്ത്താരികൾ മാത്രം ഉയർത്തുന്ന ഭരണാധികാരി ഓരോ ബഡ്ജറ്റിലും ദശലക്ഷക്കണക്കിന് കോടി രൂപയുടെ നികുതി ഇളവുകളാണ് സമ്പന്നർക്ക് അനുവദിച്ചത്. വിജയ മല്യ പോലുള്ള വമ്പൻമാരുടെ ഒന്നേക്കാൽ ലക്ഷം കോടി രൂപയുടെ കിട്ടാക്കടം എഴുതി തള്ളുകയും ചെയ്തു.

രാജ്യത്തെ പ്രാഥമിക ദ്വിതിയ മേഖലകൾ തളർച്ചയിലേക്ക് കൂപ്പുകുത്തുകയും തൊഴിലില്ലായ്മ രൂക്ഷമാകുകയും ചെയ്യുന്നു. സാമ്പത്തിക തകർച്ചയെ തുടർന്ന് സമ്പന്ന വിഭാഗങ്ങളായ ഗുജറാത്തിലെ പട്ടേൽമാരും, ഹരിയാനയിലെ ജാട്ടുകളും മഹാരാഷ്ട്രയിലെ മറാത്തികളും തെരുവിലിറങ്ങാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു. കശ്മീർ പ്രശ്നം വഷളാക്കുകയും ആഭ്യന്തര സുരക്ഷാവീഴ്ച്ച കാരണം ഭീകരാക്രമണങ്ങൾ വ്യാപകമാവുകയും ചെയ്യുന്നു.

മതന്യൂന പക്ഷങ്ങൾക്കെതിരെയും ദളിതർക്കെതിരെയും ആസൂത്രിതമായ ആക്രമണങ്ങൾ രാജ്യവ്യാപകമാവുന്നു. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അരാജകത്വം സൃഷ്ടിക്കുന്ന ഭരണകൂടം എതിർശബ്ദങ്ങളെ അടിച്ചമർത്തുന്നു.

വിലക്കയറ്റം രൂക്ഷമാവുകയും അവധി വ്യാപാരവും പൂഴ്ത്തിവയ്ക്കലും വ്യാപകമാവുകയും ചെയ്യുമ്പോൾ നിത്യോപയോഗ സാധനങ്ങളുടെ സബ്സിഡി 60,000 കോടി വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. പ്രട്രോളിനും, ഡീസലിനും, പാചകവാതകത്തിനും വില അടിയ്ക്കടി വർദ്ധിപ്പിച്ച് എരിതീയിൽ എണ്ണ ഒഴിക്കുകയാണ് സർക്കാർ ചെയ്യുന്നത്.

വർഗ്ഗീയമായി ഭിന്നിപ്പിച്ചും, യുദ്ധഭീതി സൃഷ്ടിച്ചും ന്യൂനപക്ഷ ദളിത് വിരുദ്ധ വികാരം വളർത്തിയും ജനങ്ങളുടെ ഐക്യനിര തകർക്കാനാണ് കേന്ദ്ര സർക്കാർ ശ്രമം.

കേന്ദ്രസർക്കാർ പിൻതുടരുന്ന ജനവിരുദ്ധ നയങ്ങൾക്കും വർഗ്ഗീയ പ്രീണന നിലപാടുകൾക്കെതിരെയുള്ള പ്രതിഷേധം രാജ്യത്തു ശക്തിപ്പെടുകയാണ്. ഇത്തരം പ്രതിഷേധങ്ങളുടെ മുൻപന്തിയിൽ നിൽക്കുന്നതും തൊഴിലാളികളും സാധാരണ ജനങ്ങളുമാണ്. സെപ്റ്റംബർ 2 ന്റെ ദേശീയ പണിമുടക്കിൽ 18 കോടിയിലധികം തൊഴിലാളികൾ പങ്കെടുത്തു. ഈ നയങ്ങളുടെ ദുരിതം അനുഭവിക്കുന്ന മുഴുവൻ ജന

വിഭാഗങ്ങളുടെ കൂട്ടായ പ്രക്ഷോഭങ്ങൾക്ക് മാത്രമേ ഭരണാധികാരികളെ പിന്തിരിപ്പിക്കാൻ സാധിക്കൂ. ബഹുഭൂരിഭാഗം വരുന്ന സാധാരണ ജനങ്ങങ്ങളുടെയും തൊഴിലാളികളുടെയും ജീവിതം ദുസ്സഹമാക്കുന്ന സാമ്പത്തിക നയങ്ങൾ തിരുത്തുന്നതിനും, രാജ്യത്തിന്റെ ഐക്യത്തിന് തന്നെ ഭീഷണിയാകുന്ന വർഗ്ഗീയ തയെ ചെറുത്തു തോൽപ്പിക്കുന്നതിനും ജീവനക്കാരുൾപ്പെടെ മുഴുവൻ ജനങ്ങളും രംഗത്തിറങ്ങുന്നകാല ഘട്ടമാണ് കടന്നു പോകുന്നത്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ- വർഗ്ഗീയ പ്രീണന നയങ്ങൾക്കെതിരെ പോരാട്ടം ശക്തിപ്പെടുത്തണമെന്ന് ഗസറ്റഡ് ജീവനക്കാരുൾപ്പെടെയുള്ള മുഴുവൻ ജീവ നക്കാരോടും ഈ കൗൺസിൽ അഭ്യർത്ഥിക്കുന്നു.